അപൂർവ്വ രോഗത്തെ തുടർന്ന് വലതുകാൽ മുറിച്ചു കളഞ്ഞ നെടുങ്കണ്ടം സ്വദേശി ആയ കെ.കെ സജിമോന് വീട് നിർമിച്ചു നല്കാൻ മുൻകൈ എടുക്കുകയും മറ്റു ചികിത്സ സഹായങ്ങളും ലഭ്യമാക്കി ജനങ്ങൾക്കും പോലീസുകാർക്കും ഒരു മാതൃകയായ നെടുങ്കണ്ടം ജനമൈത്രി പോലീസ് സ്റ്റേഷനിലെ കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർ മണിയൻ കെ.ടി-യെ ബഹു.വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ.എം.എം. മണി അവർകൾ പൊന്നാടയണിയിച്ച് ആദരിക്കുന്നു.



കെ.കെ സജിമോന്  നിർമിച്ചു നൽകിയ വീട്



# കാക്കിക്കുള്ളിൽ നിന്നും ഒരു കൈത്താങ്ങ്

സുനിൽ കെ കുമാരൻ

നെടുങ്കണ്ടം : ജനമനസ്സുകളിൽ സ്നേഹസ്പർശം നേടിയിരിക്കുകയാണ് നെടുങ്കണ്ടം ജനമൈത്രി കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർ മണിയൻ കെ ടി.

അപൂർവ്വ രോഗ ബാധിതനായ കരിക്കാട്ടൂർ കെ കെ സജിമോന് നിത്യചിലവ് നടത്താനോ, ചികിത്സ നടത്തുന്നതിനോ യാതൊരു മാർഗവും ഇല്ലാതിരുന്ന സമയത്താണ് മറ്റൊരു കേസിന്റെ കാര്യവുമായി എത്തിയ ജനമൈത്രി പൊലീസുകാരനായ മണിയൻ ഇവരെ കാണുന്നതും ഇവരുടെ അവസ്ഥകൾ മനസ്സിലാക്കുന്നതും. ഇദ്ദേഹത്തിന് അന്ന് തോന്നിയ കാരുണ്യത്തിന്റെ ഫലമാണ് ഇന്ന് സജിമോനും കുടുംബത്തിനും കയറി കിടക്കാൻ ലഭിച്ച വീടും, ചികിത്സക്കായി ജനമനസുകൾ സമ്മാനിച്ച തുകയും.

ഇന്നലെയാണ് സജിമോന് പുതിയ വീടായ സ്നേഹ സപ്ർശത്തിന്റെ താക്കോൽ കൈമാറിയത്. വീടിന്റെ രേഖകളുടെ

കൈമാറ്റവും ഇതോടൊപ്പം ന ടന്നിരുന്നു.

23 വർഷമായി പൊലീസിൽ സേവനമനുഷ്ഠിക്കുന്ന കെ ടി മണിയൻ 9 മാസം മുമ്പാണ് ജനമൈത്രി കമ്മ്യൂണിറ്റി ഓഫീസറായി നെടുങ്കണ്ടത്ത് ചാർജ്ജ് എടുക്കുന്നത്. യാദൃശ്ചികമായി സജിമോന്റെ അവസ്ഥ അറിഞ്ഞ മണിയൻ മുൻകൈയെടുത്ത് സജിമോന് ചികിത്സാ-കുടുംബ സഹായ സമിതി രുപികരിക്കുവാൻ ഇദ്ദേഹം മുൻകൈയ്യെടുക്കുകയായിരുന്നു.

മണിയന്റെ കൂടെ സന്നദ്ധപ്രവർത്തകരായ ആലുമൂട്ടിൽ നൗഷാദ്, അനിൽ കട്ടുപ്പാറ, സി എം വിൻസന്റ് തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനത്തിന്റെ ഫലമായി 8ലക്ഷം രൂപയോളം ജനങ്ങളിൽ നിന്നും പിരിച്ചെടുത്ത തുകയിൽ നിന്നും നെടുങ്കണ്ടത്തിനടുത്ത അഞ്ച് സെന്റ് ഭൂമിയും ഒരു മനോഹരമായ വീടും തയ്യാറാക്കി. ചികിത്സാ ചിലവിന് ശേഷം മിച്ചം വന്ന ചെറിയ തുക സ്ഥിര നിക്ഷേപമായി



കെടി മണിയൻ

ബാങ്കിൽ അടച്ചു. 1400 രൂപ മാസവരുമാനം ലഭിക്കത്തക്കവിധമാണ് ഇത് ക്രമികരിച്ചിരിക്കുന്നത്.

യാതൊരു ഗത്യന്തരവും ഇല്ലാതെ നിന്ന സജിമോനേയും കുടുംബത്തിന്റേയും ജീവതത്തിലേയ്ക്ക് കൈപിടിച്ച് ഉയർത്തി കൊണ്ടുവന്ന കെ ടി മണിയൻ രണ്ട് മാസം മുൻപാണ് വെള്ളതൂവൽ പൊലീസ് സ്റ്റേഷനിലേക്ക് ജനമൈത്രി കമ്മ്യൂണിറ്റി റിലേഷൻ ഓഫീസറായി സ്ഥലം മാറ്റം ലഭിച്ച് പോയത്. സുജാതയാണ് ഭാര്യ ,മക്കൾ അഭിജിത്, അർജ്ജുൻ.